നമ്പർ : ബി-3-8571/12

ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി,
തൃശ്ശൂർ,
തിയ്യതി : 02-05-2018

## വിജ്ഞാപനം

തൃശ്ശൂർ ആസ്ഥാനമായി പുതുതായി പ്രവർത്തനമാരംഭിച്ച സ്പെഷ്യൽ അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ കരാർ അടിസ്ഥാനത്തിൽ 179 ദിവസത്തേക്ക് താഴെ പറയുന്ന തസ്തികകളിലേക്ക് നിയമനത്തിന് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നമ്പർ | തസ്തിക | ഒഴിവുകളുടെ എണ്ണം | പ്രതിമാസ ശമ്പളം | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|---|
| 1 | എൽ.ഡി.ക്ലാർക്ക് | 2 | 19,950/രൂപ മാത്രം | എസ്.എസ്.എൽ. സി |
| 2 | എൽ.ഡി.ടൈപ്പിസ്റ്റ് | 1 | 19,950/രൂപ മാത്രം | എസ്.എസ്.എൽ. സി<br>2. KGTE Type Writing English (Lower) and Malayalam(Lower) |
| 3 | പ്യൂൺ/ ഓഫീസ് അസിസ്റ്റന്റ് | 3 | 17,325/രൂപാ മാത്രം | മലയാളം എഴുതാനും വായിക്കാനും അറിഞ്ഞിരിക്കണം |

### യോഗ്യതകൾ

മേൽപറഞ്ഞ തസ്കകളിലേക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾ ചുരുങ്ങിയത് 5 വർഷം സ്റ്റേറ്റ് ഗവ: സർവ്വീസിലോ/കേന്ദ്ര ഗവ:സർവ്വിസിലോ അതേ തസ്തികയിലോ ഉയർന്ന തസ്തികയിലോ പ്രവർത്തി പരിചയം ഉള്ളവരായിരിക്കണം.

**പ്രായപരിധി** - 60 വയസ്സിൽ താഴെ

### അഭിലഷണീയ യോഗ്യത

എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേക്ക് കംമ്പ്യൂട്ടർ പരിജ്ഞാനം അഭിലഷണീയമാണ്.

### മുൻഗണന

(എ) കേരള ഹൈക്കോടതി / സബോർഡിനേറ്റ് ജുഡീഷ്യറി / നിയമവകുപ്പ് / അഡ്വക്കേറ്റ് ജനറൽ ഓഫീസ് തുടങ്ങിയ വകുപ്പുകളിൽ ജോലിചെയ്ത് മുൻപരിചയമുള്ളവർ.

(ബി) സർവ്വീസിൽ നിന്നും വിരമിച്ച കോടതി ജീവനക്കാർ.

<u>നിയമനം</u>

നിയമനം കരാർ അടിസ്ഥാനത്തിൽ 179 ദിവസത്തേയ്ക്കോ അല്ലെങ്കിൽ നിയമിക്കപ്പെടുന്ന വ്യക്തിയ്ക്ക് 60 വയസ്സ് തികയുന്ന തിയ്യതി വരെയോ ഇവയിൽ ഏതാണോ ആദ്യം വരികഅന്നേ ദിവസം വരേയായിരിക്കും. യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഇന്റർവ്യു നടത്തി നിയമനം നടത്തുന്നതായിരിക്കും. യോഗ്യത, പ്രവർത്തിപരിചയം, വയസ്സ് എന്നിവ തെളിയിക്കുന്നതിനുള്ള എല്ലാ രേഖകളും ഉദ്യോഗാർത്ഥി ഇന്റർവ്യു സമയത്ത് ഹാജരാക്കേണ്ടതാണ്. ഇന്റർവ്യു തിയ്യതി ഉദ്യോഗാർത്ഥികളെ പിന്നീട് അറിയിക്കുന്നതായിരിക്കും. നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ കേരള സർവ്വീസ് റൂൾ പാർട്ട് 1 (അപ്പൻഡിക്സ്-1) ൽ പറയുന്ന പ്രകാരം ഗവൺമെന്റുമായി ഒരു സമ്മതപത്രം ഒപ്പുവെക്കേണ്ടതാണ്.

മുൻപരിചയവും യോഗ്യതയുമുള്ള ഉദ്യോഗാർത്ഥികളുടെ അപേക്ഷയും ബയോഡാറ്റയും (മൊബൈൽ നംമ്പർ, ഇ - മെയിൽ ID ഉണ്ടെങ്കിൽ അതും ഉൾപ്പെടെ) നേരിട്ടോ തപാൽ മുഖേനയോ 08-06-2018 തിയ്യതി വൈകീട്ട് 5 മണിക്ക് മുമ്പായി ഈ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. അവസാന തിയ്യതിക്കു ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഒന്നിലധികം തസ്തികകളിലേക്ക് അപേക്ഷിക്കുന്നവർ പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

OFFICE OF THE CHIEF JUDICIAL MAGISTRATE THRISSUR-680003.

OF THE CHIEF JUDICIAL MAGIS THRISSUR-680003.

Sd/-
*Chief Judicial Magistrate,*
*Forwarded / By order*

*Sheristadar*

<u>അപേക്ഷ അയയ്ക്കേണ്ട വിലാസം</u>

ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്
ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി
പി. ഒ. അയ്യന്തോൾ
തൃശ്ശൂർ,
പിൻ: 680003